Part-time Hindi Teachers.

306. [79] SHRI M. BHASKARAN NAIR: Will the Chief Minister be pleased to state :

(*a*) the number of part-time Hindi Teachers employed in the Education Department;

(*b*) the number of hours the part-time teacher is expected to work every week;

(*c*) the number of hours a week for which a part-time teacher is now made to work?

Chief Minister: (SHRI PANAMPILLI GOVINDA MENON):

(*a*) 250.

(*b*). A maximum of 15 periods, each having a duration of 35 to 45 minutes.

(*c*) 15 Periods.

കണ്ടറ സിറാമിക് ഫാക്റ്ററിയിൽ കെട്ടിക്കിടക്കുന്ന ഉൽപ്പാദനങ്ങൾ.

* 307. [80] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടറ സിറാമിക്സ് ഫാക്റ്ററിയിൽ കെട്ടിക്കിടക്കുന്ന ഉൽപ്പാദനം വിറ്റഴിക്കുന്നതിന് എത്ര സെയിൽസ് ഡിപ്പോകൾ തുറന്നിട്ടുണ്ട്; എവിടെയെല്ലാം;

(ബി) ജൂൺ അവസാനംവരെ എത്ര തുക വിറ്റഴിച്ചിയിട്ടുണ്ട്;

(സി) ശമ്പളം, ട്രാൻസ്പോർട്ടിംഗ് മുതലായ ഇനത്തിൽ എത്ര തുക ചെലവായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) എട്ട്:

നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശൂർ, എറണാകുളം, ഉള്ളൂർ.

(ബി) 71313 രൂപ 12 അണ.

(സി) 17386 രൂപ 3 അണ 5 പൈസ.

കണ്ടറ സിറാമിക്സ് ഫാക്റ്ററിയിലെ ഉൽപ്പാദനം.

* 308. [81] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറാമിക്സ് ഗോഡൗണിൽ എത്ര രൂപയുടെ ഉൽപ്പന്നം [illegible] ഇരിപ്പുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി. എസ്സ്. പി. ഗവണ്മെൻറിന്റെ കലണ്ടർ സിറാമിക്കിലെ കെട്ടിക്കിടക്കുന്ന സാധനങ്ങൾ ആരെങ്കിലും എജൻസി വ്യവസ്ഥയിൽ വാങ്ങിക്കൊള്ളാമെന്നു് കത്തിടപാടു നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരു്;

(സി) എന്തുകൊണ്ടു് കൊടുത്തില്ല?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഏകദേശം അഞ്ചുലക്ഷം രൂപയുടെ സ്റ്റോക്കു് ഇപ്പോൾ ഫാക്ടറിയിൽ ഉണ്ടു്;

(ബി) ഉണ്ടു്; ബാവാ എജൻസീസു്, കൽക്കട്ട;

(സി) ആദ്യം അവർ സമ്മതിച്ച വില ഏറ്റവും മോശമായിരുന്നു; ഇപ്പോൾ അതിനേക്കാൾ അൽപം കൂടിയ വില അവർ സമ്മതിച്ചിരിക്കുകയാണു്. അതു് ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

താലൂക്കു് പുനർവിഭജനം.

* 309. [83] **ശ്രീ. പി. നാരായണൻപോറ്റി:** തന്റെ കാണാതെ ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കുകളുടെ പുനർവിഭജനത്തിനായി ഒരു കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ടോ;

(ബി) അതിലെ മെംബറന്മാർ ആരെല്ലാം?

(സി) കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശാലമായ സ്വഭാവശകലം എന്തെല്ലാം?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്;

(ബി) കമ്മിറ്റിയിലെ അംഗങ്ങൾ.

1. റവന്യൂബോർഡു് ദ്വിതീയമെംബർ (ചെയർമാൻ)
2. ഗവണ്മെൻറു് സെക്രട്ടറി (റവന്യൂ വകുപ്പു്)
3. ശ്രീ. സി. പി. ഗോപാലപ്പണിക്കർ (റിട്ടയാർഡു് ലാൻഡു് കമ്മീഷണർ)
4. ,, എൻ. നാരായണക്കുറുപ്പു് എം. എൽ. എ.
5. ,, കെ. എം. കോര എം. എൽ. എ.,
6. ,, പി. എസ്സ്. നടരാജപിള്ള എം. എൽ. എ.,
7. ,, എ. വി. തോമസ്സു് ബി. എ., ബി. എൽ., ഇടപ്പള്ളി എന്നിവരാണു

(സി) ഇല്ല;

(ഡി) (സി)ക്കു നൽകിയ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly